പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 5227

23-05-2017 ൽ മറുപടിക്ക്

## തൃശ്ശൂർ കോൾനിലങ്ങളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്ന നടപടി

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | | മറുപടി<br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) തൃശ്ശൂർ കോൾനിലങ്ങളിൽ പമ്പിങ്ങിനായി സോളാർ പാനലുകൾ സ്ഥാപിച്ച് മോട്ടോറുകൾ പ്രവർത്തിപ്പിക്കാൻ റെയ്ഡ്കോ വഴി നടത്തുന്നപ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | (എ) | തൃശ്ശൂർ കോൾ പ്രദേശത്തെ 4 പടവുകളിലെയും പൊന്നാനി കോൾ പ്രദേശത്തെ 57 പടവുകളിലെയും പമ്പ്സെറ്റുകൾ സൗരോർജ്ജത്തിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള സർവ്വെ നടത്തുവാൻ റെയ്ഡ്കോ കേരള ലിമിറ്റഡിന്റെ സോളാർ വിഭാഗമായ റെയ്ഡ്കോ റിന്യൂവബിൾ-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ബി) തൃശ്ശൂർ ജില്ലയിൽ പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ഏതെല്ലാം പാടശേഖരങ്ങളിലാണ് ഇത് സ്ഥാപിക്കുന്നത്; | (ബി) | പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ നന്നമുക്ക് ഗ്രാമ പഞ്ചായത്തിലെ തുരുത്തിന്മേൽ പടവിൽ ഒരു 5 എച്ച്.പി പമ്പ്സെറ്റ് സൗരോർജ്ജത്തിൽ വിജയകരമായി പ്രവർത്തിപ്പിച്ചിട്ടുണ്ട്. |
| സി) പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (സി) | 61 പടവുകളിലായി 210 പമ്പ്സെറ്റുകൾക്കായി 4300 എച്ച്.പി എനർജിക്ക് മതിയായ അളവിൽ ഓരോ പമ്പ്സെറ്റിനും പ്രത്യേകമായി പാനലുകൾ വിന്യസിച്ച് സൗരോർജ്ജം ഉപയോഗിക്കുന്ന രീതിയാണ് ഇവിടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതികൾ പ്രാബല്യത്തിൽ വന്നാൽ ഗ്രിഡ് കണക്ടഡ് ആയതിനാൽ പമ്പ് ഉപയോഗിക്കാത്ത സമയങ്ങളിൽ ഉൽപാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുതി സംസ്ഥാന വൈദ്യുതി ബോർഡിന് നൽകുവാൻ സാധിക്കും. |

Sabhal

സെക്ഷൻ ഓഫീസർ